**കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

വെബ്സൈറ്റ് : www.agriworkersfund.org

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം
കാഞ്ഞാണിറോഡ്, എസ്.എൻ. പാർക്ക്
അയ്യന്തോൾ, പിൻ -680004,
ഫോൺ – 0487-2386871
ഇ-മെയിൽ - agri.worker@gmail.com.

നം.128/ഡി2/2023

തീയതി : 17/01/2023

## ക്വട്ടേഷൻ നോട്ടീസ്

1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിലേയും തൃശ്ശൂർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലേയും 2022-23 സാമ്പത്തിക വർഷത്തെ കണക്കുകളും മറ്റു രേഖകളും ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റ്മാരിൽ നിന്നും മൽസരസ്വഭാവത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.
2. ഓഡിറ്റ് നടത്തുന്നതിനുള്ള നിരക്കുകൾ ഓരോ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിന്റെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിന്റെയും പ്രത്യേകം പ്രത്യേകം ക്വട്ടേഷനുകളിൽ കാണിക്കണം.
3. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനുകൾ അംഗീകരിക്കുന്നതാണ്.
4. ഈ ഓഫീസിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ജോലികൾ ഏറ്റെടുത്ത് പൂർത്തീകരിക്കണം.
5. ഓഡിറ്റിൽ പരിശോധിക്കേണ്ട രേഖകളുടെ വിവരങ്ങൾ അനുബന്ധം –1 ൽ ചേർത്തിട്ടുണ്ട്.

## ക്വട്ടേഷൻ സ്വീകരിക്കൽ

1. ക്വട്ടേഷനുകൾ **01.02.2023 ന് 1 മണിയ്ക്ക് മുമ്പായി** തൃശ്ശൂർ എസ്.എൻ.പാർക്കിലുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
2. ക്വട്ടേഷനുകൾ 02.02.2023 തീയതി 3 മണിക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ വെച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.
3. മേൽപ്പറഞ്ഞ ഏതെങ്കിലും ദിവസം (ഖണ്ഡിക 1,2) പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ സ്വീകരിക്കുന്നതും/തുറക്കുന്നതുമായിരിക്കും.
4. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
5. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു മുകളിൽ 2022-23 സാമ്പത്തിക വർഷത്തെ സി.എ. ഓഡിറ്റ് എന്നെഴുതി പ്രത്യേകം സമർപ്പിക്കേണ്ടതും ഓഡിറ്റർമാരുടെ പേരും മേൽ വിലാസവും കവറിൽ രേഖപ്പെടുത്തിയിരിക്കണം.
6. ഏതൊരു ക്വട്ടേഷനും യാതൊരു കാരണവും കാണിക്കാതെ നിരസിക്കുന്നതിനുള്ള അധികാരം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.
7. ക്വട്ടേഷൻ അംഗീകരിക്കുന്ന പക്ഷം ക്വട്ടേഷൻ അംഗീകരിച്ച് 10 ദിവസത്തിനകം എഗ്രിമെന്റ് വെക്കേണ്ടതാണ്.

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

കോപ്പി 1. നോട്ടീസ് ബോർഡ്
2. വിവിധ സ്ഥാപനങ്ങൾക്ക്
3.എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകൾക്കും

<u>ക്വട്ടേഷനുകൾ അയക്കേണ്ട മേൽവിലാസം</u>

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**
**എസ്.എൻ.പാർക്ക്, പൂത്തോൾ പി ഒ**
**കാഞ്ഞാണി റോഡ്**
**തൃശ്ശൂർ–680004**

## അനുബന്ധം -1

അക്കൗണ്ടുകളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ട പ്രധാന ജോലികളുടെ ചുരുങ്ങിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

### I. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം:

1. വരവ് ചെലവ് വൗച്ചറുകളുടെയും അനുബന്ധ രേഖകളുടെയും പിരശോധന.
2. ക്യാഷ് ബുക്ക്, സബ് സിഡിയറി ലെഡ്ജർ എന്നിവയുടെ പരിശോധന.
3. ചെക്ക് ഇഷ്യൂ രജിസ്റ്റർ, ബാങ്ക് പാസ് പുസ്തകങ്ങൾ മുതലായവയുടെ പരിശോധന.
4. ദ്രവ്യമാ വിഹിതം സംബന്ധിച്ച കണക്കുകളുടെയും രേഖകളുടെയും പരിശോധന.
5. രസീത് പുസ്തകങ്ങളുടെ ഇഷ്യൂ രജിസ്റ്ററിന്റെ പരിശോധന.
6. ബാങ്ക്, ട്രഷറി എന്നിവയിലേയ്ക്കുള്ള അടവുകളുടെ ചെലാനുകൾ
7. ഇന്റർ ഡിവിഷൻ ഫണ്ട് ട്രാൻസ്ഫർ, അലോട്ട്മെന്റ് സ്ഥിര നിക്ഷേപം എന്നിവയുടെ രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധന.
8. ഡിവിഷനുകളിൽ നിന്നുള്ള പ്രതിമാസ സ്റ്റേറ്റ്മെന്റുകളുടെ പരിശോധനയും അവലോകനവും.
9. വരവ് ചെലവ് കണക്കുകൾ, ആസ്തി ബാധ്യതാ കണക്കുകൾ ബാലൻസ് ഷീറ്റ് പരിശോധനാ റിപ്പോർട്ട് എന്നിവ തയ്യാറാക്കൽ.

### II. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകൾ :

1. അതിവർഷാനുകൂല്യം, മരണാനന്തര സഹായം,വിവാഹധനസഹായം, പ്രസവാനുകൂല്യം, ചികിത്സാധനസഹായം, എസ്.എസ്.എൽ.സി. അവാർഡ് മുതലായവകളുടെ പരിശോധന. (കുറഞ്ഞത് 50% രേഖകൾ പരിശോധിക്കേണ്ടതാണ്)
2. വരവ് ചെലവ് വൗച്ചറുകളുടെയും അനുബന്ധ രേഖകളുടെയും പരിശോധന.
3. ക്യാഷ് ബുക്ക്, സബ്സിഡിയറി ലെഡ്ജർ എന്നിവയുടെ പരിശോധന.
4. രശീത് പുസ്തകങ്ങളുടെയും ആയതിന്റെ സ്റ്റോക്ക് രജിസ്റ്ററിന്റെയും പരിശോധന. (100% രസീതുകളും പരിശോധിക്കേണ്ടതാണ്)
5. ചെക്ക് ഇഷ്യൂ രജിസ്റ്റർ, ഡെയ്‌ലി കളക്ഷൻ രജിസ്റ്റർ, ബാങ്ക് പാസ് പുസ്തകങ്ങൾ എന്നിവയുടെ പരിശോധന.
6. ട്രഷറി, ബാങ്ക് എന്നിവയിലേയ്ക്കുള്ള അടവുകളുടെ ചെലാനുകളുടെ പരിശോധന.
7. വരവ് ചെലവ് കണക്കുകൾ, ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കൽ.
8. 31.05.2023-ന് മുമ്പ് പരിശോധന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കൽ.

(signature)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ